(സി) അനുബന്ധത്തിൽ ചേർത്തിരിക്കുന്ന പദ്ധതികൾ കേരളവാട്ടർ അതോറിറ്റിയാണ് നടപ്പാക്കുന്നത്.

(ഡി) പുരോഗതി അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. †

ശ്രീകൃഷ്ണപുരം ശുദ്ധജല കുടിവെള്ള പദ്ധതി

30 (1715) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം ശുദ്ധജല കുടിവെള്ള പദ്ധതിയുടെ പ്രവർത്തനത്തിന്റെ ഇപ്പോഴുള്ള സ്ഥിതിയെന്താണ് ; പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്ക് ഗുണം ലഭിക്കും എന്ന് പറയാമോ ;

(ബി) ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതി താമസംവിനാ പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പദ്ധതിയുടെ നിർമ്മാണത്തിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ ഉറവിടം, ശുദ്ധീകരണശാല, ജലസംഭരണികൾ എന്നിവയ്ക്കായി ആവശ്യമായ സ്ഥലമെടുപ്പു സംബന്ധിച്ച പ്രവർത്തനങ്ങളെല്ലാം അന്തിമഘട്ടത്തിലാണ്. പദ്ധതിയ്ക്കാവശ്യമായ രണ്ടു ടാങ്കുകളുടെ ടെന്ററുകൾ ക്ഷണിച്ചിട്ടുണ്ട്. ബാക്കി ഘടകങ്ങൾക്കാവശ്യമായ എസ്റ്റിമേറ്റുകൾ വിവിധ ഘട്ടങ്ങളിലാക്കി തയ്യാറാക്കി വരുന്നു.

ഈ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ശ്രീകൃഷ്ണപുരം, വെള്ളിനേഴി, പൂക്കോട്ടുകാവ്, കടംപഴിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കും.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതി

31 (1716) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതി ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) ആയതിൽ, യു.ഡി.എഫ്., എൽ.ഡി.എഫ് ഭരണ സമിതിയുള്ള പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly